പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1322 | 07.06.2018 ൽ മറുപടിക്ക്

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രോജക്ടുകൾ

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

മറുപടി

ശ്രീ. ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) സംസ്ഥാന സർക്കാരിന്റെയും, കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഒന്നാം ഘട്ടമായി ഏറ്റെടുത്ത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രോജക്ടുകളിൽ ഏതൊക്കെ പ്രോജക്ടുകൾ ഇതിനകം പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് കേരള റെയിൽ വികസന കോർപ്പറേഷൻ എന്ന സംയുക്ത സംരംഭക കമ്പനി പ്രവർത്തിച്ച് വരുന്നു. പ്രസ്തുത കമ്പനി താഴെപറയുന്ന പദ്ധതികൾ നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തി വരുന്നു.

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
2. തലശ്ശേരി-മൈസൂർ റെയിൽവേ പാത
3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുന:പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി
4. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ
5. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ
6. എരുമേലി-പുനലൂർ (നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)
7. ഏറ്റുമാനൂർ-പാല-ശബരി ലിങ്ക് ലൈൻ (നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)

മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെ പറയുന്ന നാല് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയും ആയതിന്റെ അംഗീകാരത്തിനായി റെയിൽവേ ബോർഡിന് സമർപ്പിച്ചിട്ടുണ്ട്.

1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത

2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ

3. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ (കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കാൻ റെയിൽവേ ബോർഡ് തീരുമാനിക്കുകയുണ്ടായി)

4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി

മേൽ പ്രവൃത്തികൾക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

| | |
|---|---|
| (ബി) റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്; | (ബി) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതി നടപ്പാക്കുന്നതിലേക്കായി റെയിൽവേ ബോർഡിന് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭ്യമായില്ല. ബോർഡിന്റെ നിർദ്ദേശത്തെ തുടർന്ന് ട്രാഫിക് ഇംപാക്ട് അസസ്മെന്റ് സംബന്ധിച്ച് ട്രാഫിക് കൺസൾട്ടന്റ് സമർപ്പിച്ച റിപ്പോർട്ട് അനുകൂലമല്ല. |
| (സി) എരുമേലി-പുനലൂർ,ഏറ്റുമാനൂർ-ശബരി ലൈൻ പദ്ധതി എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | (സി) വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിലേക്കുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. റിപ്പോർട്ടിന് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) വിഴിഞ്ഞം പദ്ധതി പ്രദേശത്തുള്ള റെയിൽ ലൈൻ ഏറ്റെടുക്കുവാനുള്ള പദ്ധതി ആർക്കാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലേക്കുള്ള ബ്രോഡ് ഗേജ് ലൈൻ നടപ്പിലാക്കുന്നതിന് കൊങ്കൺ റെയിൽവേയെ ഏൽപ്പിക്കാൻ റെയിൽവേ ബോർഡ് തീരുമാനിക്കുകയുണ്ടായി. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ